**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 460** **24-03-2025 - ൽ മറുപടിയ്ക്ക്**

**മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് കൈവരിച്ച നേട്ടങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി,<br>ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ. സി. എച്ച്. കുഞ്ഞമ്പു,<br>ശ്രീമതി യു പ്രതിഭ** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാരിന്റെ കാലത്ത് മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് കൈവരിച്ച നേട്ടങ്ങൾ പ്രത്യേകമായി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് കൈവരിച്ച നേട്ടങ്ങൾ അനുബന്ധം 1-ൽ കാണാവുന്നതാണ്. |
| (ബി) | പ്രസ്തുത കാലയളവിൽ മെഡിക്കൽ, നഴ്സിംഗ് കോഴ്സുകൾക്ക് വർദ്ധിപ്പിച്ചിട്ടുള്ള സീറ്റുകളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ; | (ബി) | വിശദാംശം അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. |
| (സി) | ഈ കാലയളവിൽ സർക്കാർ-സർക്കാർ അനുബന്ധ മെഡിക്കൽ കോളേജുകളും നഴ്സിംഗ് കോളേജുകളും എത്രയെണ്ണം ആരംഭിച്ചിട്ടുണ്ട്; വിശദമാക്കുമോ; | (സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഇടുക്കി, കോന്നി മെഡിക്കൽ കോളേജുകളിൽ 100 സീറ്റുകളോടെ MBBS കോഴ്സ് ആരംഭിച്ചിട്ടുണ്ട്. കൂടാതെ സർക്കാർ മേഖലയിൽ കൊല്ലം, മലപ്പുറം, പത്തനംതിട്ട, ഇടുക്കി, വയനാട്, പാലക്കാട്, കാസറഗോഡ് ജില്ലകളിൽ പുതുതായി 7 നഴ്സിംഗ് കോളേജുകളും തിരുവനന്തപുരം ഗവ കോളേജ് ഓഫ് നഴ്സിംഗിൽ (അനെക്സ്) അധിക ബാച്ചും ആരംഭിച്ചിട്ടുണ്ട്. കൂടാതെ, പൊതുമേഖലയിൽ നെയ്യാറ്റിൻകര, വർക്കല, കോന്നി, നൂറനാട്, താനൂർ, ധർമ്മടം, തളിപ്പറമ്പ്, കൊട്ടാരക്കര, കാഞ്ഞിരപ്പള്ളി, സീതത്തോട്, പുന്നപ്ര എന്നിവിടങ്ങളിലായി ആരോഗ്യ വകുപ്പിന്റെ കീഴിൽ 11 നഴ്സിംഗ് കോളേജുകളും ആരംഭിച്ചിട്ടുണ്ട്.<br><br>പുതിയ മെഡിക്കൽ കോളേജുകളിലും തിരുവനന്തപുരം, വയനാട്, കൊല്ലം, മഞ്ചേരി, ഇടുക്കി എന്നീ നഴ്സിംഗ് കോളേജുകളിലും ഹോസ്റ്റൽ സൗകര്യം ഒരുക്കിയിട്ടുണ്ട്. പത്തനംതിട്ട, കാസർഗോഡ്, പാലക്കാട് നഴ്സിംഗ് കോളേജുകളിൽ നിലവിൽ പ്രവേശനം നേടിയിട്ടുള്ള കുട്ടികൾക്ക് താമസ സൗകര്യം ഒരുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത കോളേജുകൾ എവിടെയെല്ലാമാണ് ആരംഭിച്ചിട്ടുള്ളതെന്നും അവിടെ ഹോസ്റ്റലുകളും മറ്റ് അടിസ്ഥാനസൗകര്യങ്ങളും ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്നും അറിയിക്കുമോ? | (ഡി) | മറുപടി (സി) പിരിവിൽ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം - 1**

## മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് കൈവരിച്ച നേട്ടങ്ങൾ

- മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ദേശീയ റാങ്കിംഗ് പട്ടികയിൽ തിരുവനന്തപുരം മെഡിക്കൽ കോളേജും ഡെന്റൽ കോളേജും ഇടം പിടിച്ചു. 2023-ലെ റാങ്കിങ്ങിലാണ് കേരളത്തിൽ നിന്നുള്ള ഒരു സർക്കാർ മെഡിക്കൽ കോളേജ് (തിരുവനന്തപുരം) ആദ്യമായി ഇടം പിടിച്ചത്.
- 2023 DNB വിവിധ (super specialty) പരീക്ഷയിൽ വിവിധ സർക്കാർ മെഡിക്കൽ കോളേജിലെ 7 വിദ്യാർത്ഥികൾ ദേശീയ തലത്തിൽ ഒന്നാം റാങ്കോടെ സ്വർണ മെഡൽ കരസ്ഥമാക്കി. ഒരു സംസ്ഥാനത്ത് ദേശീയ തലത്തിൽ ഇത്രയേറെ സ്വർണ മെഡലുകൾ സർക്കാർ മെഡിക്കൽ കോളേജിലെ വിദ്യാർത്ഥികൾ ആദ്യമായാണ് നേടുന്നത്.
- സംസ്ഥാനത്ത് മെഡിക്കൽ നഴ്സിംഗ് സീറ്റുകൾ വൻ തോതിൽ വർധിപ്പിച്ചു.
- സർക്കാർ, സർക്കാർ അനുബന്ധ മേഖലകളിൽ മാത്രം കഴിഞ്ഞ വർഷങ്ങളിൽ 1020 ബി.എസ്.സി. നഴ്സിംഗ് സീറ്റുകൾ വർധിപ്പിച്ചു
- 478 ബി.എസ്.സി. നഴ്സിംഗ് സീറ്റുകളാണ് സർക്കാർ മേഖലയിൽ മാത്രം ഉണ്ടായിരുന്നത്. ഇന്നത് 1090 സീറ്റുകളാക്കി വർധിപ്പിച്ചു.
- കാസർഗോഡ്, വയനാട്, ഇടുക്കി, പാലക്കാട്, മഞ്ചേരി പത്തനംതിട്ട ഉൾപ്പെടെ 15 സർക്കാർ, സർക്കാർ അനുബന്ധ നഴ്സിംഗ് കോളേജുകൾ ആരംഭിച്ചു
- ഇടുക്കിയിലും പത്തനംതിട്ടയിലും (100 സീറ്റ് വീതമുള്ള എം.ബി.ബി.എസ്) പുതിയ സർക്കാർ മെഡിക്കൽ കോളേജുകൾ ആരംഭിച്ചു
- സർക്കാർ മെഡിക്കൽ കോളേജുകളിൽ 79 മെഡിക്കൽ പി.ജി സീറ്റുകൾക്ക് പുതുതായി അനുമതി നാഷണൽ മെഡിക്കൽ കമ്മീഷനിൽ നിന്നും ലഭ്യമാക്കി.
- സർക്കാർ മേഖലയിൽ 11 സൂപ്പർ സ്പെഷ്യാലിറ്റി പി.ജി സീറ്റുകൾക്ക് പുതുതായി അനുമതി നാഷണൽ മെഡിക്കൽ കമ്മീഷനിൽ നിന്നും ലഭ്യമാക്കി.
- ഗ്രാമീണ മേഖലയിൽ ആദ്യമായി പിജി ഡോക്ടർമാരുടെ സേവനം (റസിഡൻസി പ്രോഗ്രാം) ലഭ്യമാക്കി
- തിരുവനന്തപുരത്തും ആലപ്പുഴയിലും എറണാകുളത്തും എം.എസ്.സി. മെൻറൽ ഹെൽ ത്ത് നഴ്സിംഗ് കോഴ്സ് ആരംഭിച്ചു
- ട്രാൻസ്ജെൻജർ വ്യക്തികൾക്ക് നഴ്സിംഗ് മേഖലയിൽ സംവരണം അനുവദിച്ചു
- സംസ്ഥാനത്ത് ആദ്യമായി ക്രിറ്റിക്കൽ കെയർ, ജനറ്റിക്സ്, ജെറിയാട്രിക്, ഇൻറർ വെൻ ഷണൽ റേഡിയോളജി, റുമറ്റോളജി, പീഡിയാട്രിക് ഗ്യാസ്ട്രോ വിഭാഗങ്ങൾ ആരംഭിച്ചു
- മഞ്ചേരിയിലും കൊല്ലത്തും സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ ആരംഭിച്ചു
- ഇന്ത്യയിൽ സർക്കാർ മെഡിക്കൽ കോളേജുകളിൽ ആദ്യമായി കോട്ടയം മെഡിക്കൽ കോളേജിൽ ഡിഎം ഇൻഫെക്ഷ്യസ് ഡിസീസ് കോഴ്സ് ആരംഭിച്ചു
- ന്യൂറോളജി ഇൻറർവെൻഷനിൽ ഫെലോഷിപ്പ് പ്രോഗ്രാം തിരുവനന്തപുരത്ത് ആരംഭിച്ചു
- കോട്ടയം ഗവ. മെഡിക്കൽ കോളേജിൽ മെഡിക്കൽ ഗ്യാസ്ട്രോയിൽ ഫെല്ലോഷിപ്പ് പ്രോഗ്രാം ആരംഭിച്ചു.

- മെഡിക്കൽ കോളേജുകളുടെ സേവന നിലവാരം ഉയർത്താൻ പദ്ധതി : മെഡിക്കൽ കോളേജുകളുടെ സേവന നിലവാരം മെച്ചപ്പെടുത്തുന്നതിന് ക്വാളിറ്റി ഇംപ്രൂവ്മെൻറ് ഇനിഷ്യേറ്റീവ് എന്ന പദ്ധതിയ്ക്ക് തുടക്കം കുറിച്ചു. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ വിജയകരമായതിനെ തുടർന്ന് ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശൂർ കോഴിക്കോട് എന്നീ ഗവ. മെഡിക്കൽ കോളേജുകളിൽ കൂടി ഈ പദ്ധതി വ്യാപിപ്പിക്കുന്നതിന് നടപടികൾ ആരംഭിച്ചു. അപകടങ്ങളാലും രോഗം ബാധിച്ചും അത്യാഹിത വിഭാഗത്തിലെത്തുന്നവർക്ക് സമയബന്ധിതമായി വിദഗ്ധ ചികിത്സ ലഭ്യമാക്കുകയാണ് ലക്ഷ്യം.

തിരുവനന്തപുരം മെഡിക്കൽ കോളേജ്

- മെഡിക്കൽ കോളേജ് എമർജൻസി മെഡിസിൻ ഭാഗത്തെ സെൻറർ ഓഫ് എക്സലൻസായി ഉയർത്തി.
- എസ്.എ.ടി. ആശുപത്രിയെ കേന്ദ്രം സെൻറർ ഓഫ് എക്സലൻസ് ആയി ഉയർത്തി
- തിരുവനന്തപുരം മെഡിക്കൽ കോളേജിൽ എമർജൻസി മെഡിസിൻ മൂന്ന് പിജി സീറ്റുകൾക്ക് അനുമതി ലഭ്യമാക്കി കോഴ്സ് ആരംഭിച്ചു.
- മെഡിക്കൽ കോളേജിൽ 717.29 കോടി രൂപയുടെ മാസ്റ്റർ പ്ലാൻ രണ്ടാംഘട്ട പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.
- രാജ്യത്ത് ആദ്യമായി സർക്കാർ മേഖലയിലെ ആദ്യത്തെ ന്യൂറോ കാത്ത് ലാബ് ഉൾപ്പെട്ട 14.3 കോടിയുടെ സമഗ്ര സ്ട്രോക്ക് സെൻറർ പ്രവർത്തന സജ്ജമാക്കി.
- തിരുവനന്തപുരം മെഡിക്കൽ കോളേജിൽ എമർജൻസി മെഡിസിൻ സംവിധാനമൊരുക്കി നൂതന സംവിധാനങ്ങളോടു കൂടിയ അത്യാഹിത വിഭാഗം പ്രവർത്തനമാരംഭിച്ചു.
- തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ആദ്യമായി കാൻസർ രോഗികൾക്ക് നൂതന റേഡിയേഷൻ നൽകുന്ന ഉപകരണമായ ലിനാക് സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചു.
- കേരളത്തിൽ ആദ്യമായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പീഡിയാട്രിക് ഗ്യാസ്ട്രോ വിഭാഗം ആരംഭിച്ചു.
- തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 100 ഐസിയു കിടക്കകളുള്ള പ്രത്യേക ബ്ലോക്ക് സ്ഥാപിച്ചു.
- തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സ്പെക്റ്റ് സ്കാൻ സ്ഥാപിച്ചു.
- തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പെറ്റ് സ്കാൻ സ്ഥാപിച്ചു.
- തിരുവനന്തപുരം മെഡിക്കൽ കോളേജിൽ രണ്ടാംഘട്ടമായി കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തി.
- മെഡിക്കൽ കോളേജിൽ ആദ്യമായി ലിനാക്, ഇൻറർവെൻഷണൽ പൾമണോളജി യൂണിറ്റ്, ബേൺസ് ഐസിയു എന്നിവ സ്ഥാപിച്ചു
- തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 23 കോടിയുടെ ലേഡീസ് ഹോസ്റ്റൽ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തന സജ്ജമാക്കി.

കൊല്ലം മെഡിക്കൽ കോളേജ്

- കൊല്ലം മെഡിക്കൽ കോളേജിനെ പി.ജി കോളേജായി ഉയർത്തി. പാത്തോളജി, മൈക്രോബയോളജി, കമ്മ്യൂണിറ്റി മെഡിസിൻ, ഫോറൻസിക് മെഡിസിൻ എന്നിവയിൽ പി.ജി കോഴ്സ് ആരംഭിച്ചു.
- കൊല്ലം മെഡിക്കൽ കോളേജിൽ സ്പെഷ്യലിറ്റി / സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങൾക്കായി 29 അധ്യാപക തസ്തിക സൃഷ്ടിച്ചു.
- കൊല്ലം മെഡിക്കൽ കോളേജിൽ കാർഡിയോളജി, നെഫ്രോളജി, ന്യൂറോളജി, ന്യൂറോ സർജറി, പ്ലാസ്റ്റിക് സർജറി എന്നീ വിഭാഗങ്ങൾ ആരംഭിച്ചു.
- കൊല്ലം മെഡിക്കൽ കോളേജിനോട് അനുബന്ധിച്ച് പുതിയ നഴ്സിംഗ് കോളേജ് ആരംഭിച്ചു. ഇതിനാവശ്യമായ അധ്യാപക/ അനധ്യാപക തസ്തികകൾ സൃഷ്ടിച്ചു.
- കൊല്ലം മെഡിക്കൽ കോളേജിൽ കാത്ത് ലാബ് പ്രവർത്തന സജ്ജമാക്കി.

കോന്നി മെഡിക്കൽ കോളേജ്

- കോന്നി മെഡിക്കൽ കോളേജിൽ രണ്ടാം ഘട്ടമായി 250 കോടി രൂപയുടെ വികസന പ്രവർത്തനമാണ് നടന്നു വരുന്നത്.
- കോന്നി മെഡിക്കൽ കോളേജിൽ 100 സീറ്റുകളുടെ എംബിബിഎസ് കോഴ്സ് ആരംഭിച്ചു.
- പീഡിയാട്രിക് ഐസിയു സ്ഥാപിച്ചു.
- ലക്ഷ്യ പദ്ധതി പ്രകാരം ലേബർ റൂം നവീകരിക്കുന്നു.
- വിദ്യാർത്ഥികളുടെ ഹോസ്റ്റലുകൾ യാഥാർത്ഥ്യമാക്കി
- ബ്ലഡ് ബാങ്ക് യാഥാർത്ഥ്യമാക്കി
- കോന്നി മെഡിക്കൽ കോളേജില് പുതിയ ഓട്ടോപ്സി ബ്ലോക്ക് സ്ഥാപിച്ചു പ്രവർത്തനം ആരംഭിച്ചു.
- കോന്നി മെഡിക്കൽ കോളേജിൽ മൈനർ ഓപ്പറേഷൻ തീയേറ്റർ, 30 ഓക്സിജൻ ബെഡ്ഡുകൾ, 24 മണിക്കൂർ പ്രവർത്തിക്കുന്ന ലാബ്, ഫാർമസി മുതലായ സൗകര്യങ്ങളോടുകൂടിയ അത്യാഹിത വിഭാഗം ആരംഭിച്ചു.
- കോന്നി മെഡിക്കൽ കോളേജിൽ 5 കോടി രൂപ മുടക്കി ജില്ലയിൽ സർക്കാർ മേഖലയിലെ ആദ്യത്തെ 128 സ്ലൈസ് സി.റ്റി സ്കാൻ സ്ഥാപിച്ചു.
- കോന്നി മെഡിക്കൽ കോളേജിൽ അക്കാദമിക് ബ്ലോക്കിൽ അനാട്ടമി, ബയോകെമിസ്ട്രി, ഫാർമക്കോളജി, ലാബുകൾ ലൈബ്രറി, ലക്ചർ ഹാളുകൾ, അനാട്ടമി മ്യൂസിയം മുതലായവ സജ്ജീകരിച്ചു.

ആലപ്പുഴ മെഡിക്കൽ കോളേജ്

- ആലപ്പുഴ മെഡിക്കൽ കോളേജിൽ 173 കോടി രൂപ മുതൽമുടക്കി സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് യാഥാർത്ഥ്യമാക്കി
- 200 സൂപ്പർ സ്പെഷ്യാലിറ്റി കിടക്കകൾ, 50 ഐ.സി.യു. കിടക്കകൾ ഉൾപ്പെടുന്നതാണ് ഈ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക്
- 30 കോടി രൂപ ചെലവഴിച്ച് ഗൈനക്കോളജി ബ്ലോക്ക് സ്ഥാപിച്ചു.
- എമർജൻസി മെഡിസിൻ, പ്ലാസ്റ്റിക് സർജറി, നിയോനെറ്റോളജി വിഭാഗങ്ങൾ പുതുതായി ആരംഭിച്ചു.
- 2 കോടി രൂപ ചെലവഴിച്ച് കാന്റീൻ കം ഗസ്റ്റ് റൂമിന്റെ നിർമ്മാണം പൂർത്തീകരിച്ചു.

കോട്ടയം മെഡിക്കൽ കോളേജ്

- 136 കോടി ചെലവിൽ നിർമ്മിക്കുന്ന സർജിക്കൽ ബ്ലോക്കിന്റെ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്.
- 268 കോടി രൂപയുടെ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ നിർമ്മാണം ത്വരിതഗതിയിൽ നടന്നു വരുന്നു.
- ഫാർമസി കോളേജിന് 27 കോടിയുടെ പുതിയ കെട്ടിടം യാഥാർത്ഥ്യമാക്കി
- 10.71 കോടി രൂപയുടെ ഇൻഫെക്ഷ്യസ് ഡിസസ് വിഭാഗം പ്രത്യേക ബ്ലോക്ക് നിർമ്മാണം നടന്നു വരുന്നു.
- 36 കോടി ചെലവിൽ നിർമ്മിക്കുന്ന കാർഡിയോളജി ബ്ലോക്കിന്റെ രണ്ടാം ഘട്ട നിർമ്മാണം അന്തിമഘട്ടത്തിൽ.
- കോട്ടയം മെഡിക്കൽ കോളേജിൽ ജനറൽ സർജറി വിഭാഗത്തിൽ ലപ്രോസ്കോപി യൂണിറ്റ് സ്ഥാപിച്ചു.
- അത്യാഹിത വിഭാഗത്തിൽ 2.3 കോടി രൂപ ചെലവിൽ മോഡുലർ ഓപ്പറേഷൻ തിയേറ്റർ പ്രവർത്തന സജ്ജമാക്കി.
- 1 കോടി രൂപ മുതൽ മുടക്കി ഇന്റർഗ്രേറ്റഡ് അനലൈസർ സ്ഥാപിച്ചു.
- ആരോഗ്യ സർവകലാശാലയുടെ എ പ്ലസ് ഗ്രേഡ്
- കേരളത്തിൽ ആദ്യമായി കോട്ടയം മെഡിക്കൽ കോളേജിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ വിജയകരമായി നടത്തി.
- കോട്ടയം മെഡിക്കൽ കോളേജ് ഹൃദയം തുറക്കാതെ വാൽവ് മാറ്റിവച്ചു
- ഇന്ത്യയിൽ സർക്കാർ മെഡിക്കൽ കോളേജുകളിൽ ആദ്യമായി കോട്ടയം മെഡിക്കൽ കോളേജിൽ ഡിഎം ഇൻഫെക്ഷ്യസ് ഡിസീസ് കോഴ്സ് ആരംഭിച്ചു
- ഗ്യാസ്ട്രോഇൻററ്റൈനൽ ആൻറ് എച്ച്പിബി സർജറിയിൽ ഫെലോഷിപ്പ് പ്രോഗ്രാമിന് അനുമതി.
- കോട്ടയം മെഡിക്കൽ കോളേജിൽ റുമറ്റോളജി, ഇന്റർവെൻഷണൽ റേഡിയോളജി, നിയോനെറ്റോളജി വിഭാഗങ്ങൾ പുതുതായി ആരംഭിച്ചു.

ഇടുക്കി മെഡിക്കൽ കോളേജ്

- ഇടുക്കി മെഡിക്കൽ കോളേജിൽ പുതിയ കെട്ടിടം പൂർത്തീകരിച്ച് അവിടെ ഐ.പി ആരംഭിച്ചു.
- ഇടുക്കി മെഡിക്കൽ കോളേജിൽ നാഷണൽ മെഡിക്കൽ കമ്മീഷന്റെ അനുമതി ലഭ്യമാക്കി 100 സീറ്റോട് കൂടി എം.ബി.ബി.എസ് കോഴ്സ് ആരംഭിച്ചു.
- ഇടുക്കി മെഡിക്കൽ കോളേജിനോടനുബന്ധിച്ച് 60 സീറ്റോട് കൂടി നഴ്സിംഗ് കോളേജ് ആരംഭിച്ചു.
- ഇടുക്കി മെഡിക്കൽ കോളേജിന്റെ സുഗമമായ പ്രവർത്തനത്തിനായി 50 അധ്യാപക തസ്തികകൾ പുതുതായി സൃഷ്ടിച്ചു.
- അത്യാഹിത വിഭാഗത്തിന്റെ സുഗമമായ പ്രവർത്തനത്തിന് എമർജൻസി മെഡിസിൻ വിഭാഗം ആരംഭിച്ചു. ഇതിനായി ഡോക്ടർമാരുടെ തസ്തിക സൃഷ്ടിച്ചു.
- കാർഡിയോളജി വിഭാഗം ആരംഭിക്കുന്നതിനായി ആദ്യഘട്ടമെന്ന നിലയിൽ ഒരു അസിസ്റ്റന്റ് പ്രൊഫസറുടെ തസ്തിക സൃഷ്ടിച്ചു.
- ഇടുക്കി മെഡിക്കൽ കോളേജിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമുള്ള ഹോസ്റ്റൽ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തന സജ്ജമാക്കി.

എറണാകുളം മെഡിക്കൽ കോളേജ്

- കളമശേരി മെഡിക്കൽ കോളേജിൽ 285 കോടിയുടെ മാതൃശിശു സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് നിർമ്മാണം പൂർത്തിയാക്കി പ്രവർത്തന സജ്ജമാക്കി വരുന്നു.
- എമർജൻസി ആൻറ് ക്രിട്ടിക്കൽ കെയർ ബ്ലോക്ക് നിർമ്മാണത്തിന് അനുമതി നൽകി
- എറണാകുളം മെഡിക്കൽ കോളേജിൽ 17 കോടിയുടെ 36 പദ്ധതികൾക്ക് അനുമതി നൽകി.
- എൻഡോബ്രോങ്കിയൽ അൾട്രാസൗണ്ട് സ്ഥാപിച്ചു.
- എറണാകുളം മെഡിക്കൽ കോളേജിന് 15 പിജി സീറ്റുകൾക്ക് അനുമതി ലഭ്യമാക്കി.
- എറണാകുളം മെഡിക്കൽ കോളേജിൽ 43 അധ്യാപക തസ്തികകൾ പുതുതായി സൃഷ്ടിച്ചു.
- എമർജൻസി മെഡിസിൻ, ഫിസിക്കൽ മെഡിസിൻ, കാർഡിയോ തൊറാസിക് സർജറി, ന്യൂറോ സർജറി, നിയോനാറ്റോളജി, യൂറോളജി തുടങ്ങിയ വിഭാഗങ്ങൾ പുതുതായി ആരംഭിച്ചു.

തൃശൂർ മെഡിക്കൽ കോളേജ്

- തൃശ്ശൂർ മെഡിക്കൽ കോളേജിൽ ലിക്വിഡ് ഓക്സിജൻ പ്ലാന്റ് സ്ഥാപിച്ചു. 2.6 കോടി ചിലവിൽ ഓക്സിജൻ ജനറേഷൻ പ്ലാന്റും സ്ഥാപിച്ചിട്ടുണ്ട്.

- ആധുനിക സൗകര്യങ്ങളോടുകൂടി വിവിധ പരിശീലന പരിപാടികൾ നടത്താൻ സാധിക്കും വിധമുള്ള NELS ട്രെയിനിംഗ് സെന്റർ തൃശ്ശൂർ മെഡിക്കൽ കോളേജിൽ സ്ഥാപിക്കുകയും പരിശീലനം നൽകി വരികയും ചെയ്യുന്നു.
- തൃശ്ശൂർ മെഡിക്കൽ കോളേജിൽ 13.72 കോടി ചിലവിൽ 7 നിലകളിലുള്ള 2 പി.ജി ഹോസ്റ്റലുകൾ നിർമ്മിക്കുകയും പ്രവർത്തന സജ്ജമാക്കുകയും ചെയ്തിട്ടുണ്ട്.
- തൃശ്ശൂർ മെഡിക്കൽ കോളേജിൽ 7.04 കോടി രൂപ മുടക്കി ട്രോമ കെയർ ആന്റ് ട്രയാജ് കെട്ടിടം വിപുലീകരിച്ച് അത്യാഹിത വിഭാഗത്തിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തി രോഗീ സൗഹൃദമാക്കി.
- 2.68 കോടി രൂപ ചിലവിൽ ആധുനിക സൗകര്യങ്ങളേടുകൂടിയ ബേൺസ് യൂണിറ്റ് തൃശ്ശൂർ മെഡിക്കൽ കോളേജിൽ സ്ഥാപിച്ചു.
- തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജിൽ എസ്തറ്റിക് ഡെർമറ്റോളജി സ്യൂട്ട് ആരംഭിച്ചു. പ്രതിവർഷം ഏകദേശം 780 പേർക്ക് ചികിത്സ നകി വരുന്നു.
- തൃശ്ശൂർ മെഡിക്കൽ കോളേജിൽ നിയോനാറ്റോളജി വിഭാഗം ആരംഭിച്ചു. പ്രതിവർഷം ഏകദേശം 13,500 പേർക്ക് ചികിത്സ നൽകി വരുന്നു.
- വിദ്യാർത്ഥികളുടെ പഠന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി തൃശൂർ മെഡിക്കൽ കോളേജിൽ രണ്ട് ലക്ചർ ഹാളുകളിൽ വൂഡൻ ഗ്യാലറി നിർമ്മിച്ച് ആധുനിക ദൃശ്യ ശ്രാവ്യ പഠന ഉപകരണങ്ങൾ സജ്ജീകരിച്ച് സ്മാർട്ട് റൂമുകളായി നവീകരിച്ച് നിർമ്മാണം പൂർത്തിയാക്കുകയും 07.01.2025 നു ബഹുമാനപ്പെട്ട ആരോഗ്യ വനിതാ ശിശു വികസന വകുപ്പ് മന്ത്രി ഉദ്ഘാടനം ചെയ്യുകയും ചെയ്തു.
- രോഗികൾക്കും കൂട്ടിരുപ്പുകർക്കും മെച്ചപ്പെട്ട സൌകര്യങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി തൃശൂർ മെഡിക്കൽ കോളേജിൽ പേ വാർഡ് രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ സർക്കാരിന്റെ പ്ലാൻ ഫണ്ടിൽ നിന്നും 3 കോടി രൂപ ചെലവഴിച്ച് രണ്ടും മൂന്നും നിലകൾ പൂർത്തിയാക്കി വിപുലീകരിച്ച് കൂടുതൽ രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യം ഒരുക്കി.
- പഴക്കം ചെന്ന ശ്വാസ കോശ രോഗികളുടെ പരിചരണം, വിദ്യാഭ്യാസം, വ്യായാമം, ഇമ്മ്യൂണൈസേഷൻ മാനസികവും ശാരീരികവുമായ പുനരധിവാസം സാധ്യമാക്കുന്നതിനായി സംസ്ഥാനത്തെ ആദ്യത്തെ മാതൃക ശ്വാസകോശ പുനരധിവാസ കേന്ദ്രം (Swaas COPD : State model pulmonary rehabilitation and training centre ) തൃശൂർ മെഡിക്കൽ കോളേജിൽ സജ്ജീകരിച്ചു.
- ആദ്യമായി എംആർഐ സ്കാനിംഗ് മെഷീൻ സ്ഥാപിക്കാൻ 6.91 കോടി അനുവദിച്ചു.
- തൃശൂർ മെഡിക്കൽ കോളേജിൽ സിവിഐ ക്ലിനിക് ആരംഭിച്ചു.
- 1.72 കോടിയുടെ ഡിജിറ്റൽ റേഡിയോഗ്രാഫി സിസ്റ്റം സ്ഥാപിച്ചു.
- 7.04 കോടിയുടെ ട്രോമകെയർ ട്രയാജ് സംവിധാനം യാഥാർത്ഥ്യമാക്കി.
- ദന്തൽ കോളേജ് ഹോസ്റ്റൽ നിർമ്മാണത്തിന് 2.15 കോടി അനുവദിച്ചു.
- സെൻട്രൽ ലൈബ്രറി കം ഓഡിറ്റോറിയം നിർമ്മാണത്തിനായി 5 കോടി അനുവദിച്ചു.

- അമ്മയും കുഞ്ഞും ആശുപത്രി ബ്ലോക്ക്, (277.7 കോടി) സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് (285.54 കോടി), ഗവ. ദന്തൽ കോളേജ് കെട്ടിടം (36.73 കോടി), ഐസൊലേഷൻ ബ്ലോക്ക് (5 കോടി) എന്നിവയുൾപ്പെടെ 606.46 കോടിയുടെ പദ്ധതികളുടെ നിർമ്മാണമാണ് നടന്നു വരുന്നത്.
- എമർജൻസി മെഡിസിൻ വിഭാഗം പുതുതായി ആരംഭിച്ചു.
- കാർഡിയോളജി, നെഫ്രോളജി, യൂറോളജി എന്നീ വിഭാഗങ്ങൾ ശക്തിപ്പെടുത്തുന്നതിന് അധ്യാപക തസ്തികകൾ സൃഷ്ടിച്ചു.

മഞ്ചേരി മെഡിക്കൽ കോളേജ്

- മഞ്ചേരി മെഡിക്കൽ കോളേജിൽ എഫ്ലുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമ്മാണം പൂർത്തിയാക്കി.
- ആവശ്യമായ സൗകര്യങ്ങളൊരുക്കി പി.ജി കോഴ്സുകൾ ആരംഭിച്ചു.
- മഞ്ചേരി മെഡിക്കൽ കോളേജിനോടനുബന്ധിച്ച് പുതിയ നഴ്സിംഗ് കോളേജ് ആരംഭിച്ചു
- കാഷ്വാലിറ്റി നവീകരിച്ചു
- ഐസിയു സംവിധാനം, സ്വീവേജ് ട്രീറ്റ്മെൻറ് പ്ലാൻറ്, കാൻറീൻ ബ്ലോക്ക് എന്നിവ സ്ഥാപിച്ചു.
- മഞ്ചേരി മെഡിക്കൽ കോളേജിന്റെ സുഗമമായ പ്രവർത്തനത്തിന് 15 അധ്യാപക തസ്തികകൾ പുതുതായി സൃഷ്ടിച്ചു.
- എമർജൻസി മെഡിസിൻ, ഫിസിക്കൽ മെഡിസിൻ, കാർഡിയോളജി, കാർ ഡിയോ തൊറാസിക് സർജറി, നെഫ്രോളജി, ന്യൂറോളജി, യൂറോളജി എന്നീ വിഭാഗങ്ങൾ പുതുതായി ആരംഭിക്കുന്നതിന് അനുമതി നൽകി.

കോഴിക്കോട് മെഡിക്കൽ കോളേജ്

- 195 കോടി രൂപ മുതൽ മുടക്കി കോഴിക്കോട് മെഡിക്കൽ കോളേജിലെ സർജിക്കൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് നിർമ്മാണം പൂർത്തിയാക്കി പ്രവർ ത്തന സജ്ജമാക്കി.
- 13 കോടി രൂപ ചെലവഴിച്ച് കോഴിക്കോട് മെഡിക്കൽ കോളേജിൽ പരീക്ഷ ഹാൾ നിർമ്മിച്ചു.
- 4 കോടി രൂപ ചെലവഴിച്ച് കോഴിക്കോട് മെഡിക്കൽ കോളേജിൽ മരുന്ന് ശാലകളുടെ നിർമ്മാണവും നവീകരണവും നടത്തി.
- 98.25 ലക്ഷം രൂപ ചെലവഴിച്ച് കോഴിക്കോട് മെഡിക്കൽ കോളേജിലെ ഓ.ആന്റ് ജി. വിഭാഗത്തിൽ 4 കെ ലാപ്രോസ്കോപ്പി ഉപകരണം വാങ്ങി സ്ഥാപിക്കുകയും പ്രവർത്തന സജ്ജമാക്കുകയും ചെയ്തു.

- 1.11 കോടി രൂപ ചെലവഴിച്ച് കോഴിക്കോട് മെഡിക്കൽ കോളേജിലെ ഇ.എൻ.റ്റി. വിഭാഗത്തിൽ സി.ഓ.2 ലേസർ സിസ്റ്റം വാങ്ങി സ്ഥാപിച്ചു.
- കോഴിക്കോട് മെഡിക്കൽ കോളേജിൽ 9.94 കോടി രൂപ മുത മുടക്കിൽ പെറ്റ് സി.റ്റി.സ്കാൻ സ്ഥാപിച്ചു. പ്രതിവർഷം ഏകദേശം 1800 പേർക്ക് സ്കാൻ എടുത്ത് നൽകുന്നു.
- കോഴിക്കോട് മെഡിക്കൽ കോളേജിലെ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി പി.എം.എസ്.എസ്.വൈ സർജിക്കൽ ബ്ലോക്ക്, ആശുപത്രി ബ്ലോക്ക് എന്നിവയെ ബന്ധിപ്പിച്ച് 2 കോടി രൂപയ്ക്ക് ആകാശപാത നിർമ്മിച്ചു.
- കോഴിക്കോട് മാതൃശിശു സംരക്ഷണ കേന്ദ്രത്തിൽ 2.5 കോടി മുടക്കി 16 Slice CT, ആധുനിക സംവിധാനങ്ങളോട്കൂടിയ അൾട്രാ സൗണ്ട് മെഷീൻ എന്നിവ സ്ഥാപിച്ചു.
- കോഴിക്കോട് മെഡിക്കൽ കോളേജിൽ 12 കോടി രൂപ മുടക്കി റസിഡൻസ് ക്വാർട്ടേഴ്സ് നിർമ്മാണം പൂർത്തിയാക്കി.
- ഓർത്തോ ഐ.സി.യു നിർമ്മാണം കോഴിക്കോട് മെഡിക്കൽ കോളേജിൽ 1.6 കോടി രൂപ ചിലവിൽ പൂർത്തിയാക്കി.
- കോഴിക്കോട് നെഞ്ച് രോഗ ആശുപത്രിയിൽ ക്രിട്ടിക്കൽ കെയർ യൂണിറ്റ് പ്രവർത്തന സജ്ജമാക്കി.
- കോഴിക്കോട് മെഡിക്കൽ കോളേജിനു മുസ്കാൻ (MUSQAN) അംഗീകാരം ലഭിച്ചു.
- നിയോനാറ്റോളജി വിഭാഗം ആരംഭിച്ചു
- ആദ്യ മദർ-ന്യൂബോൺ കെയർ യൂണിറ്റ് പ്രവർത്തന സജ്ജമാക്കി.
- ലക്ഷ്യ അംഗീകാരം ലഭിച്ചു
- സർജിക്കൽ ഗ്യാസ്ട്രോ വിഭാഗത്തിൽ സൂപ്പർ സ്പെഷ്യാലിറ്റി പി.ജി. ആരംഭിക്കാൻ നടപടി സ്വീകരിച്ചു.
- റുമറ്റോളജി, ഇന്റർവെൻഷണൽ റേഡിയോളജി, എൻടോക്രൈനോളജി എന്നീ വിഭാഗങ്ങൾ ആരംഭിക്കുന്നതിന് അനുമതി നൽകി.

കണ്ണൂർ മെഡിക്കൽ കോളേജ്

- കണ്ണൂർ മെഡിക്കൽ കോളേജിൽ പ്ലാസ്റ്റിക് സർജറി വിഭാഗം പ്രവർത്തനം ആരംഭിച്ചു.
- പരിയാരം മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്തതിന്റെ ഭാഗമായി നിലവിലുള്ള ജീവനക്കാരുടെ ആഗിരണ പ്രക്രിയ പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു.
- പരിയാരം മെഡിക്കൽ കോളേജിൽ കാത്ത് ലാബ്, ഹാർട്ട് ലങ് മെഷീൻ, അനസ്തേഷ്യ വർക്ക് സ്റ്റേഷൻ, ഐ.എ.ബി.പി മെഷീൻ മുതലായ സൗകര്യങ്ങൾ 1.69 കോടി മുതൽ മുടക്കിൽ സ്ഥാപിച്ച് പ്രവർത്തനമാരംഭിച്ചു.
- ഹോസ്റ്റൽ നിർമ്മാണത്തിനായി 50.87 കോടി രൂപയുടെ ഭരണാനുമതി നൽകി.

- കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിന്റെ നവീകരണ പ്രവൃത്തികൾക്കും ട്രോമ കെയർ ബ്ലോക്കിന്റെ നിർമാണത്തിനുമായി കിഫ്ബി ധനസഹായത്തോടെ സർക്കാർ **124.95** കോടിയുടെ ഭരണാനുമതി നൽകിയിരുന്നു. ആയതിൽ ഉൾപ്പെട്ട നവീകരണ പ്രവൃത്തികൾക്ക് മാത്രമായി **29.78** കോടി രൂപ വകയിരുത്തിയിട്ടുണ്ട്.
- പുതിയ കാത്ത് ലാബ് സ്ഥാപിച്ചു.
- കണ്ണൂർ മെഡിക്കൽ കോളേജിന്റെ സുഗമമായ പ്രവർത്തനത്തിന് **31** അധ്യാപക തസ്തികകൾ സൃഷ്ടിച്ചു.

കാസർഗോഡ് മെഡിക്കൽ കോളേജ്

- മെഡിക്കൽ കോളേജിന്റെ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്ക് **160** കോടി രൂപ അനുവദിച്ചു.
- നിർമ്മാണം പൂർത്തിയാക്കിയ അക്കാദമിക് ബ്ലോക്കിൽ ഒ.പി. ആരംഭിച്ചു
- ന്യൂറോ വിഭാഗം ഉൾപ്പെടെയുള്ള സ്പെഷ്യാലിറ്റി ചികിത്സ ലഭ്യമാക്കി.
- ഘട്ടം ഘട്ടമായി സ്പെഷ്യാലിറ്റി സേവനങ്ങൾ ലഭ്യമാക്കി വരുന്നു
- **29** കോടിയുടെ ഹോസ്റ്റൽ നിർമ്മാണം നടന്നു വരുന്നു.
- കാസർഗോഡ് മെഡിക്കൽ കോളേജിൽ **50** സീറ്റുകളോടെ **MBBS** കോഴ്സ് ആരംഭിക്കുന്നതിനുള്ള എസ്സൻഷ്യലിറ്റി സർട്ടിഫിക്കറ്റ് നൽകുകയും കോഴ്സ് ആരംഭിക്കുന്നതിനുള്ള അനുമതിക്കായി നാഷണൽ മെഡിക്കൽ കമ്മീഷനു അപേക്ഷ സമർപ്പിച്ചിട്ടുമുണ്ട്.
- മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിന്റെ ഭാഗമായി പ്രിൻസിപ്പൽ തസ്തിക അനുവദിച്ചു.
- മെഡിക്കൽ കോളേജിനോടനുബന്ധിച്ച് പുതിയ നേഴ്സിംഗ് കോളേജ് ആരംഭിച്ചു.

വയനാട് മെഡിക്കൽ കോളേജ്

- കാത്ത് ലാബ്,  മൾട്ടി സ്പെഷ്യാലിറ്റി കെട്ടിടം യാഥാർത്ഥ്യമാക്കി
- സിക്കിൾ സെൽ രോഗിയ്ക്ക് ഇടുപ്പ് മാറ്റിവയ്ക്കൽ ശസ്ത്രക്രിയ വിജയകരം
- പ്രസ്തുത മെഡിക്കൽ കോളേജിൽ **50** സീറ്റുകളോടെ **MBBS** കോഴ്സ് ആരംഭിക്കുന്നതിനുള്ള എസ്സൻഷ്യലിറ്റി സർട്ടിഫിക്കറ്റ് നൽകുകയും കോഴ്സ് ആരംഭിക്കുന്നതിനുള്ള അനുമതിക്കായി നാഷണൽ മെഡിക്കൽ കമ്മീഷനു അപേക്ഷ സമർപ്പിച്ചിട്ടുമുണ്ട്.
- വയനാട് മെഡിക്കൽ കോളേജിനോടനുബന്ധിച്ച് പുതിയ നേഴ്സിംഗ് കോളേജ് ആരംഭിച്ചു.

**അനുബന്ധം 2**

| Medical, Dental, Pharmacy, Nursing and Para-Medical Degree seats started during the tenure of this Government | | | |
|---|---|---|---|
| **Courses** | **Government** | **Self Financing** | **Co-operative** |
| MBBS | 200 | 700 | 0 |
| BDS | 0 | 160 | 0 |
| B.Sc. Nursing | 612 | 1458 | 640 |
| B.Pharm | 22 | 280 | |
| B Pharm Lateral Entry | 2 | 28 | |
| BSc MLT | 0 | 0 | 346 |
| Bsc DT | 06 | 60 | 0 |
| Bsc Optometry | 0 | 125 | 0 |
| BPT | 0 | 60 | 0 |
| BASLP | 0 | 20 | 0 |
| BCVT | 06 | 8 | 0 |
| BOT | 0 | 10 | 0 |
| Bsc MIT | 30 | 75 | |
| Bsc RRT | 11 | 0 | |
| Bsc Perfusion Technology | 1 | 8 | |
| Bsc Neuro Technology | 0 | 5 | |
| B.Sc. Nuclear Medicine Technology | 06 | 0 | |
| Bachelor of Prosthetics and Orthotics | 0 | 0 | 20 |
| B.Sc.Medical Bio Chemistry | 0 | 30 | 0 |
| Post Basic Nursing | 19 | 30 | |
| GNM | 417 | 470 | |
| Paramedical Diploma Courses | 97 | 1633 | 0 |
| Diploma in Pharmacy | 0 | 540 | |
| M.Sc. Nursing | 32 | 22 | |
| MDS | 0 | 61 | 0 |
| MD/MS | 79 | 356 | |
| DM/Mch | 11 | 10 | 0 |